## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊടുങ്ങല്ലൂർ നഗരസഭ 2018-2019 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വയോജനങ്ങൾക്ക് യൂറോപ്യൻ ക്ലോസറ്റ് (പ്രോജക്ട് നമ്പർ 342/19), ഇൻസാനിറ്ററി ടോയ്‌ലറ്റ് സാനിറ്ററി ടോയ്‌ലറ്റ് ആക്കുന്നതിന് ധനസഹായം (പ്രോജക്ട് നമ്പർ 26/19) എന്നീ പദ്ധതികൾക്ക് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.2515/2018/തസ്വഭവ    തിരുവനന്തപുരം, തീയതി 27.09.2018

---

പരാമർശം :- 1) കൊടുങ്ങല്ലൂർ നഗരസഭാ ചെയർമാന്റെ 27.07.2018 ലെ P-15202/18 നമ്പർ കത്ത്

2) തൃശ്ശൂർ ജില്ലാ പ്ലാനിങ് ഓഫീസറുടെ 14.08.2018 ലെ 1257/2018/RO1/DPM (4) നമ്പർ കത്ത്

3) 05.09.2018 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പൊതു വിഷയങ്ങളിലെ തീരുമാനം നമ്പർ 4.41 - (i), (ii)

**ഉത്തരവ്**

കൊടുങ്ങല്ലൂർ നഗരസഭ 2018-2019 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വയോജനങ്ങൾക്ക് യൂറോപ്യൻ ക്ലോസറ്റ് (പ്രോജക്ട് നമ്പർ 342/19), ഇൻസാനിറ്ററി ടോയ്‌ലറ്റ് സാനിറ്ററി ടോയ്‌ലറ്റ് ആക്കുന്നതിന് ധനസഹായം (പ്രോജക്ട് നമ്പർ 26/19) എന്നീ പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെയും വെറ്റിങ് ഓഫീസറുടെയും അനുമതി ലഭിച്ചിരുന്നു. 65 വയസ്സിലധികം പ്രായമുള്ള 266 ഗുണഭോക്താക്കൾക്ക് യൂറോപ്യൻ ക്ലോസറ്റ് വാങ്ങി നൽകുകയും (യൂണിറ്റ് ചെലവ് 3000 രൂപ), ഇതിന്റെ ഇൻസ്റ്റലേഷൻ ചാർജ്ജ് ആയി 3000 രൂപ നൽകുകയും ചെയ്യുന്ന തരത്തിൽ ആകെ 15,96,000 രൂപ വകയിരുത്തിയാണ് വയോജനങ്ങൾക്ക് യൂറോപ്യൻ ക്ലോസറ്റ് പദ്ധതി (പ്രോജക്ട് നമ്പർ 342/19) രൂപീകരിച്ചിട്ടുള്ളത്. നഗരസഭയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദുർബല വിഭാഗത്തിലെ വാർഡ് സഭ വഴി തെരഞ്ഞെടുക്കപ്പെടുന്ന 80 ഗുണഭോക്താക്കൾക്ക് നിലവിലെ ഇൻസാനിറ്ററി ടോയ്‌ലറ്റ് സാനിറ്ററി ടോയ്‌ലറ്റ് ആക്കുന്നതിന് ടോയ്‌ലറ്റ്/ സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പരിശോധിച്ച് 15400/- രൂപ ഗഡുക്കളായി ധന സഹായം നൽകുന്നതിന് പ്ലാൻ ഫണ്ടിൽ നിന്ന് 12,32,000/- രൂപ വകയിരുത്തിയാണ് ഇൻസാനിറ്ററി ടോയ്‌ലറ്റ് സാനിറ്ററി ടോയ്‌ലറ്റ് ആക്കുന്നതിനു ധനസഹായം എന്ന പദ്ധതി (പ്രോജക്ട് നമ്പർ 26/19) ആസൂത്രണം ചെയ്തിട്ടുള്ളത്.

2. നൂറു ശതമാനം സബ്സിഡിയോടു കൂടി നടപ്പിലാക്കുന്ന മേൽ പരാമർശിച്ചിരിക്കുന്ന പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെയും വെറ്റിങ് ഓഫീസറുടെയും അംഗീകാരം ലഭിച്ചിട്ടുണ്ട് എങ്കിലും സബ്സിഡി മാർഗ്ഗ രേഖയിൽ പ്രസ്തുത പദ്ധതികൾ സംബന്ധിച്ച് പ്രത്യേക പരാമർശമില്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന കൊടുങ്ങല്ലൂർ നഗരസഭാ ചെയർമാന്റെ പരാമർശം (1)

പ്രകാരമുള്ള അപേക്ഷ തൃശ്ശൂർ ജില്ലാ പ്ലാനിങ് ഓഫീസർ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊടുങ്ങല്ലൂർ നഗരസഭ 2018-2019 വാർഷിക പദ്ധതി യിൽ ഉൾപ്പെടുത്തിയിട്ടുള്ള വയോജനങ്ങൾക്ക് യൂറോപ്യൻ ക്ലോസറ്റ് (പ്രോജക്റ്റ് നമ്പർ 342/19), ഇൻസാനിറ്ററി ടോയ്‌ലറ്റ് സാനിറ്ററി ടോയ്‌ലറ്റ് ആക്കുന്നതിനു ധനസഹായം (പ്രോജക്റ്റ് നമ്പർ 26/19) എന്നീ പദ്ധതികൾ സംബന്ധിച്ച് പരാമർശം (3) ന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

i) **വയോജനങ്ങൾക്ക് യൂറോപ്യൻ ക്ലോസറ്റ് (പ്രോജക്റ്റ് നമ്പർ 342/19)** - ക്ലോസറ്റ് വാങ്ങി നല്കുന്നതിനു പകരം ഗുണഭോക്താവ് തന്നെ വാങ്ങി ഇൻസ്റ്റാൾ ചെയ്യുന്ന രീതി അവലംബിക്കേണ്ടതാണ്. ഗുണഭോക്താക്കൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരായിരിക്കണം.

ii) **ഇൻസാനിറ്ററി ടോയ്‌ലറ്റ് സാനിറ്ററി ടോയ്‌ലറ്റ് ആക്കുന്നതിനു ധനസഹായം (പ്രോജക്റ്റ് നമ്പർ 26/19)** - പ്രത്യേക അനുമതി നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സിന്ധു എൽ**
**സ്പെഷ്യൽ സെക്രട്ടറി**

ചെയർമാൻ/ സെക്രട്ടറി കൊടുങ്ങല്ലൂർ നഗരസഭ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ പ്ലാനിങ് ഓഫീസർ, തൃശ്ശൂർ
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ